# ഫലം തിരയുന്ന യജമാനൻ

## മർക്കോസ് 11:12–14

"പിറ്റെന്നാൾ അവർ ബെഥന്യാ വിട്ടുപോരുമ്പോൾ അവന്നു വിശന്നു: അവൻ ഇലയുള്ളോരു അത്തിവൃക്ഷം ദൂരത്തുനിന്നു കണ്ടു, അതിൽ വല്ലതും കണ്ടുകിട്ടുമോ എന്നു വച്ചു ചെന്നു, അതിന്നരികെ എത്തിയപ്പോൾ ഇലയല്ലാതെ ഒന്നും കണ്ടില്ല; അതു അത്തിപ്പഴത്തിന്റെ കാലമല്ലാഞ്ഞു അവൻ അതിനോടു; ഇനി നിങ്കൽ നിന്നു എന്നേക്കും ആരും ഫലം തിന്നാതിരിക്കട്ടെ എന്നു പറഞ്ഞു."

നമ്മുടെ കർത്താവ് നമ്മിൽ നിന്നും എന്താണ് ആഗ്രഹിക്കുന്നത് എന്ന് ഈ വാകൃത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാം. അത്തിപ്പഴത്തിന്റെ കാലമല്ലാതിരുന്നിട്ടും, ഇല നിറഞ്ഞു നിന്ന അത്തി ഫലമുണ്ട് എന്ന് ധ്വനിപ്പിക്കുന്ന അവസ്ഥ. നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിലേക്ക് നമ്മുടെ നാഥൻ നോക്കുമ്പോൾ ഈ അത്തിയുടെ അവസ്ഥയിലാണോ നമ്മൾ. ഈ അത്തി, ഫലമുണ്ടെന്ന് തോന്നിപ്പിക്കുന്ന അവസ്ഥയിലായിരുന്നു, എന്നാൽ ഫലം ഉണ്ടായിരുന്നില്ലതാനും. ഇന്ന് ക്രിസ്തീയ ലോകത്തിലേക്ക് നോക്കുമ്പോൾ ഫലം പുറപ്പെടുവിക്കുന്നു എന്ന് നാം വിചാരിക്കുന്ന പലരും യഥാർത്ഥത്തിൽ ഫലമില്ലാത്ത അവസ്ഥയിലല്ലേ. അങ്ങനെയെങ്കിൽ, നമ്മുടെ ജീവിതത്തിലും ഒരു പുനർചിന്തനം നടത്തേണ്ടതിന്റെ ആവശ്യകതയില്ലേ.

മൂന്നുതരം അവസ്ഥകൾ നമുക്ക് ലോകത്തിൽ കാണുവാൻ സാധിക്കും. 1. ഫലമില്ലാത്ത അവസ്ഥ 2. ഫലമുണ്ടെന്ന് തോന്നിപ്പിക്കുന്ന അവസ്ഥ 3. ഫലമുള്ള അവസ്ഥ. ഇതിൽ ഏതു കൂട്ടത്തിലാണ് നമ്മൾ.

ഒരു വൃക്ഷത്തിന്റെ ഫലം, ആ വൃക്ഷത്തിനുള്ളതല്ല, എന്നാൽ അത് അതിന്റെ ഉടമസ്ഥനുള്ളതാണ്. ഉടമസ്ഥൻ ഫലം തിരയുമ്പോൾ ഫലം ഇല്ലായെങ്കിൽ അതിനെ പാഴ്മരങ്ങളുടെ കൂട്ടത്തിൽ എണ്ണും. അതിന്റെ ചുവട്ടിൽ കോടാലി വെക്കും. യോഹന്നാൻ 15:2 ൽ പറയുന്നു "എന്നിൽ കായ്ക്കാത്ത കൊമ്പ് ഒക്കെയും അവൻ നീക്കി ക്കളയുന്നു" രണ്ടാമതായി, ഇല്ലാത്തത് ഉണ്ട് എന്ന ഭാവത്തിൽ തല ഉയർത്തി കാപട്യത്തിൽ നടക്കുന്നവർ. എന്നാൽ ഫലമില്ലാത്ത ദയനീയ അവസ്ഥയിലാണ് അവർ എന്നവരറിയുന്നില്ല. മറ്റുള്ളവർ കാണാനായി ഫലമുള്ളവർ എന്ന ധ്വനി അവർ ഉളവാക്കും. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, സ്വയം പുകഴ്ചയ്ക്കുവേണ്ടിഫലം പുറപ്പെടുവിക്കുന്നവർ. എന്നാൽ ഉള്ളങ്ങളെ അറിയുന്ന, സൂക്ഷ്മമായി പരിശോധിക്കുന്ന അരുമനാഥന്റെ മുമ്പിൽ

അവർ ഉണങ്ങിപ്പോകും എന്ന് അവർ മനസ്സിലാക്കുന്നില്ല. ഇങ്ങനെയുള്ളവർക്ക് ഭക്തി ഒരു ആദായസൂത്രമാണ്.

മൂന്നാമതായി ഫലമുള്ള അവസ്ഥ.

നമ്മുടെ കർത്താവിൽ വസിച്ചിട്ടില്ലാതെ നമുക്ക് ഫലം കായിക്കാൻ സാധിക്കുകയില്ല. നമ്മെ നമ്മുടെ കർത്താവ് തിരഞ്ഞെടുത്തത്, ഫലം കായിക്കാനും ആഫലം നിലനിൽക്കാനും വേണ്ടിയാണ് (യോഹന്നാൻ 15:16). അതെ നിലനിൽക്കുന്ന ഫലമാണ് യഥാർത്ഥമായി ദൈവമക്കളിൽ ഉണ്ടാകേണ്ടത്. അതിനായി നാം എന്തു ചെയ്യണം, കർത്താവിന്റെ കല്പനകളെ പ്രമാണിച്ച് അവന്റെ സ്നേഹത്തിൽ വസിക്കണം. അങ്ങനെയുള്ളവർക്ക് വളരെ ഫലം കായിക്കുവാൻ സാധിക്കും. പ്രിയ ദൈവജനമേ നമ്മിലുള്ള ഫലം നമ്മുടെ മഹത്വത്തിനല്ല, പിന്നെയോ ദൈവനാമ മഹത്വത്തിനായി ഉപകരിക്കണം. തോട്ടക്കാരൻ ഫലം തിരഞ്ഞുവരുന്ന ഒരു ദിവസമുണ്ട്. ആ ദിവസം നമ്മിലെ നിലനിൽക്കുന്ന ഫലം കണ്ട്, നമ്മുടെ കർത്താവ് സന്തോഷിക്കുവാൻ തക്കവണ്ണം, നമ്മുടെ ജീവിതത്തെ നമുക്ക്ക്രമപ്പെടുത്താം. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ.

**സിസ്റ്റർ റീന ഷാജി പള്ളിപ്പാട് 022**